# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഫെബ്രുവരി 8<br>**February 8** | **2020** |
| --- | --- |

**1193 മകരം 25 ശനി**

# പത്രക്കുറിപ്പ് -1



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**സംസ്ഥാനത്ത് പുതിയതായി 25 ഫോറസ്റ്റ് സ്റ്റേഷനുകൾ: മന്ത്രി കെ. രാജു**

സംസ്ഥാനത്ത് പുതിയതായി 25 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് വനം വകുപ്പു മന്ത്രി അഡ്വ കെ.രാജു പറഞ്ഞു. കരികുളം ഫോറസ്റ്റ് സ്റ്റേഷൻ മന്ദിരത്തിന്റെയും ജീവനക്കാർക്കുള്ള ഡോർമിറ്ററിയുടെയും ഉദ്ഘാടനം കക്കുടുമണ്ണിലെ കരികുളം ഫോറസ്റ്റ് സ്റ്റേഷൻ പരിസരത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദേഹം. പോലീസ് സ്റ്റേഷൻ മാതൃകയിൽ ഫോറസ്റ്റ് സ്റ്റേഷനുകളിലും മേഖലതിരിച്ച് വനം കേന്ദ്രീകരിച്ചുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും വനം,വന്യജീവി വിഭവങ്ങൾ പരിപാലിക്കുന്നതിനും വിപുലമായ പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. പൊന്തൻപുഴ ഭൂമി പ്രശ്നത്തിൽ 451 കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തിന്റെ പുതിയതായി നൽകപ്പെട്ട രേഖകൾ പരിശോധിക്കുവാനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കും. ഈ വിഷയത്തിൽ രാജു എബ്രഹാം എം.എൽ.എ ശുപാർശ ശ്രദ്ധാപൂർവം പരിഗണിക്കും.

കർഷകരുടെ ഭൂമിയിൽ കാട്ടുപന്നി ശല്യമു ായാൽ ജനജാഗ്രതാ സമിതി ചേർന്ന് തുടർ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകണം. ബഹുജന പങ്കാളിത്തത്തോടെ വനം, വന്യജീവി സംരക്ഷണം ഉറപ്പാക്കണമെന്നതാണ് സർക്കാർ നയം. വനത്തിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങൾക്ക് വനത്തിനുള്ളിൽ ഭവനം നിർമ്മിക്കാൻ തങ്ങൾ

കൈവശം വച്ചുവരുന്ന ഭൂമിയിൽ അവർ വെച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് അനുമതിയു ്. കാലാവസ്ഥാ വ്യതിയാനം ജീവജാലങ്ങൾക്ക് വലിയ ഭീഷണിയായ സാഹചര്യത്തിൽ വന സംരക്ഷണത്തിന് വലിയ പ്രാധാന്യമു ്. സംസ്ഥാന സർക്കാർ എല്ലാ മേഖലയിലും ഗുണപരമായ മാറ്റങ്ങൾ കൊ ുവന്നതായും മന്ത്രി പറഞ്ഞു.

യോഗത്തിൽ രാജു എബ്രഹാം എം.എൽ.എ അധ്യക്ഷത വഹിച്ചു. നാറാണംമൂഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, റാന്നി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ രാജൻ നീറംപ്ലാക്കൽ, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് മെമ്പർ ആനിയമ്മ അച്ചൻകുഞ്ഞ്, ദക്ഷിണ മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ജോർജി പി.മാത്തച്ചൻ, റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എം. ഉണ്ണികൃഷ്ണൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ പി.ആർ പ്രസാദ്, അഡ്വ. മനോജ് ചരളേൽ, ജയിംസ് പി.സാമുവേൽ, ആലിച്ചൻ ആറൊന്നിൽ, സമദ് മേപ്പുറത്ത്, സജി നെല്ലുവേലിൽ എന്നിവർ പ്രസംഗിച്ചു.

***ഫോട്ടോ അടിക്കുറുപ്പ്:*** കക്കുടുമൺ 1: വനം വകുപ്പു മന്ത്രി അഡ്വ കെ.രാജു കരികുളം ഫോറസ്റ്റ് സ്റ്റേഷൻ മന്ദിരത്തിന്റെയും ജീവനക്കാർക്കുള്ള ഡോർമിറ്ററിയുടെയും ഉദ്ഘാടനം കക്കുടുമണ്ണിലെ കരികുളം ഫോറസ്റ്റ് സ്റ്റേഷൻ പരിസരത്ത് നിർവഹിക്കുന്നു
***ഫോട്ടോ അടിക്കുറുപ്പ്:*** കക്കുടുമൺ 2: വനം വകുപ്പു മന്ത്രി അഡ്വ കെ.രാജു കരികുളം ഫോറസ്റ്റ് സ്റ്റേഷൻ മന്ദിരത്തിന്റെയും ജീവനക്കാർക്കുള്ള ഡോർമിറ്ററിയുടെയും ഉദ്ഘാടനം നാടമുറിച്ച് നിർവഹിക്കുന്നു
***ഫോട്ടോ അടിക്കുറുപ്പ്:*** കക്കുടുമൺ 3: വനം വകുപ്പു മന്ത്രി അഡ്വ കെ.രാജു കരികുളം ഫോറസ്റ്റ് സ്റ്റേഷൻ മന്ദിര അനാച്ഛാദനം നിർവഹിക്കുന്നു

(പിഎൻപി 666/2020)

**കേരളത്തിൽ ധവള വിപ്ലവത്തിന് വഴിയൊരുക്കിയത് മിൽമ: ആന്റോ ആന്റണി എം.പി**

അനേകം കുടുംബങ്ങൾക്ക് സംരക്ഷണമൊരുക്കി മിൽമയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ ധവള വിപ്ലവത്തിന് വഴിയൊരുക്കിയതായി ആന്റോ ആന്റണി എം പി പറഞ്ഞു. പത്തനംതിട്ട ഡോ.വർഗീസ് കുര്യൻ നഗറിൽ നടന്ന തിരുവനന്തപുരം മേഖലാ ക്ഷീരോത്പാദക യൂണിയൻ പത്തനംതിട്ട ജില്ലാ മിൽമാ ഗ്രാമോത്സവത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദേഹം. ആധുനീക രീതിയിലുള്ള നൂതന ആശയങ്ങളും സൗകര്യങ്ങളും ഉപയോഗിച്ച് മികവാർന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് മിൽമ കാഴ്ചവെക്കുന്നതെന്നും എം.പി പറഞ്ഞു.

ക്ഷേമ സംഘത്തിന്റെ കുടുംബ സഹായ വിതരണം, കലാപരിപടികൾ അവതരിപ്പിച്ചവർക്കുള്ള പുരസ്കാരം നൽകൽ ചടങ്ങും എം.പി നിർവഹിച്ചു. മിൽമ ചെയർമാൻ പി.എ ബാലൻ മാസ്റ്റർ 25 വർഷം പൂർത്തിയാക്കിയ സംഘം സെക്രട്ടറിമാരെ ആദരിച്ചു. ജില്ലയിലെ ക്ഷീര സംഘങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കായി ശില്പശാലകൾ, സമ്മേളനങ്ങൾ, ഡയറി എക്സിബിഷൻ, കലാപരിപാടികൾ തുടങ്ങിയവ ഗ്രാമോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

തിരുവനന്തപുരം മിൽമ ഡയറക്ടർമാരായ മാത്യു ചാമത്തിൽ, ലിസി മത്തായി, ചെയർമാൻ കല്ലട രമേശ്, എറണാകുളം മിൽമ ചെയർമാൻ ജോൺ തെരുവത്ത്, പത്തനംതിട്ട ഡയറി മാനേജർ സൂസൻ തോമസ്, തോലുഴം ആപ്കോസ് പ്രസിഡന്റ് കെ.ആർ വിജയൻ പിള്ള, വകയാർ ആപ്കോസ് പ്രസിഡന്റ് റ്റി.എം സലീം, കോയിപ്രം ആപ്കോസ് പ്രസിഡന്റ് സി.വി ഗോപാലകൃഷ്ണൻ നായർ, നീർവിളാകം ആപ്കോസ് പ്രസിഡന്റ്

കെ.എസ് രാമപ്പണിക്കർ, വെട്ടൂർ ആപ്കോസ് പ്രസിഡന്റ് പി.ആർ കൃഷ്ണൻ നായർ, നൂറോമ്മാവ് ആപ്കോസ് സെക്രട്ടറി വി.റ്റി ഷിബു, ചെന്നീർക്കര ആപ് കോസ് സെക്രട്ടറി വി.പി സലീം, കുരമ്പാല ആപ്കോസ് സെക്രട്ടറി വി. അനിതാകുമാരി , പി ആന്റ് ഐ പത്തനംതിട്ട ഡെയറി അസി. മാനേജർ ഡോ. എ ഷിറാസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറുപ്പ്: മിൽമ 1:*** പത്തനംതിട്ട ഡോ.വർഗീസ് കുര്യൻ നഗറിൽ നടന്ന ജില്ലാ മിൽമാ ഗ്രാമോത്സവത്തിന്റെ സമാപന സമ്മേളനം ആന്റോ ആന്റണി എം പി ഉദ്ഘാടനം ചെയ്യുന്നു

***മിൽമ 2:***പത്തനംതിട്ട ഡോ.വർഗീസ് കുര്യൻ നഗറിൽ നടന്ന ജില്ലാ മിൽമാ ഗ്രാമോത്സവത്തിന്റെ സമാപന സമ്മേളനം ആന്റോ ആന്റണി എം പി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

(പിഎൻപി 667/2020)

## ലഹരിക്കെതിരെ ബൈക്കത്തോൺ(ബൈക്ക് റാലി) സംഘടിപ്പിച്ചു

വിമുക്തി യുടെ ആഭിമുഖ്യത്തിൽ മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെ തിരുവല്ല താലൂക്കിലെ വിവിധ കോളേജുകളിലെ വിദ്യാർഥികളെ പങ്കെടുപ്പിച്ച് തിരുവല്ല എക്സൈസ് സർക്കിൾ ഓഫീസിന്റെ നേതൃത്വത്തിൽ നടന്ന ബൈക്കത്തോൺ ബൈക്ക് റാലി തിരുവല്ല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എസ്.സജീവ് ഫ്ളാഗ് ഓഫ് ചെയ്തു. തിരുവല്ല റവന്യൂ ടവറിൽ നിന്നും ആരംഭിച്ച റാലി കാവുംഭാഗം, പൊടിയാടി, നിരണം, പെരിങ്ങര, മുത്തൂർ, കുറ്റപ്പുഴ, കിഴക്കൻമുത്തൂർ, കവിയൂർ, തോട്ടഭാഗം, വള്ളംകുളം, ഇരവിപേരൂർ, കുമ്പനാട്, പഴയകാവ്, ഓതറ, കുറ്റൂർ എന്നീ ഭാഗങ്ങളിൽ സഞ്ചരിച്ച് തിരുവല്ല പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ അവസാനിച്ചു.

എക്സൈസ് ഉദ്യോഗസ്ഥർ ബോധവത്ക്കരണ സന്ദേശം നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. പരിപാടിയുടെ ഭാഗമായി നാടൻപ്പാട്ട് അവതരിപ്പിച്ചു. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എസ്.സജീവ്, എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ എ.സെബാസ്റ്റ്യൻ എന്നിവർ റാലിക്ക് നേതൃത്വം നൽകി. തിരുവല്ല മാർത്തോമ കോളേജ്, മാക്ഫാസ്റ്റ് കോളേജ്, തുകലശ്ശേരി, പരുമല ഡി.ബി പമ്പ കോളേജ് എന്നിവിടങ്ങളിലെ വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു. നാളത്തെ കേരളം ലഹരിമുക്ത നവ കേരളം എന്ന പേരിലുള്ള 90 ദിന തീവ്രയത്ന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായാണ് ബൈക്കത്തോൺ സംഘടിപ്പിച്ചത്.

***ഫോട്ടോ അടിക്കുറുപ്പ്: ഫ്ളാഗ് ഓഫ്:*** -വിമുക്തിയുടെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ കോളേജ് വിദ്യാർഥികളെ പങ്കെടുപ്പിച്ച് നടന്ന ബൈക്കത്തോൺ ബൈക്ക് റാലി തിരുവല്ല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എസ്.സജീവ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.

(പിഎൻപി 668/2020)

## വിമുക്തി:മിനി മാരത്തോൺ

സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ നാളത്തെ കേരളം ലഹരിമുക്ത നവ കേരളം ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി നാളെ (10)

രാവിലെ 7.30ന് തിരുവല്ല മുൻസിപ്പൽ സ്റ്റേഡിയത്തിൽ മിനി മാരത്തോൺ സംഘടിപ്പിക്കും. തിരുവല്ല എക്സൈസ് സർക്കിൾ ഓഫീസിന്റെ നേതൃത്വത്തിൽ മുൻസിപ്പൽ സ്റ്റേഡിയത്തിൽ നിന്നും ആരംഭിക്കുന്ന മിനി മാരത്തോൺ മഴുവങ്ങാട് ബൈപ്പാസ് ,എം.സി റോഡ് വഴി പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ മുൻപിലൂടെ സഞ്ചരിച്ച് മുൻസിപ്പൽ സ്റ്റേഡിയത്തിൽ എത്തും.

ലഹരി മുക്ത കേരളം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിന് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് നാളത്തെ കേരളം ലഹരിമുക്ത നവ കേരളം എന്ന പേരിലുള്ള 90 ദിന തീവ്രയത്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നത്. മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘിപ്പിക്കുവാനും നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം ക ത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, ആശാ വർക്കർമാർ, സ്പോർട്സ് കൗൺസിൽ, റസിഡന്റ് അസോസിയേഷൻ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

(പിഎൻപി 669/2020)

## തമിഴ് ഭാഷാന്യൂനപക്ഷം സ്പെഷ്യൽ ഓഫീസർ ക്യാമ്പ്

പത്തനംതിട്ട, കൊല്ലം ജില്ലകളിലെ തമിഴ് ഭാഷാന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾ കേൾക്കുന്നതിനും, നിവേദകരുമായി മുഖാമുഖം നടത്തുന്നതിനും ഭാഷാന്യൂനപക്ഷം സ്പെഷ്യൽ ഓഫീസർ പുനലൂർ താലൂക്ക് ഓഫീസിൽ ഈ മാസം 22ന് ക്യാമ്പ് നടത്തും. തമിഴ് ഭാഷാന്യൂനപക്ഷവുമായി ബന്ധപ്പെട്ട വ്യക്തികളും, പൊതുപ്രവർത്തകരും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് സ്പെഷ്യൽ ഓഫീസർ അറിയിച്ചു.

(പിഎൻപി 670/2020)

## ഐ.ടി ഡെലിവറി മാനേജർ നിയമനം

ബ്രൂണെയിലെ പ്രകൃതി വാതക കമ്പനിയായ സെറികാ l ഓയിൽ ഫീൽഡ് സർവീസിലേക്ക് നിലവിൽ ഒഴിവുള്ള ഐ.ടി ഡെലിവറി മാനേജർ തസ്തികയിൽ നോർക്ക റൂട്ട്സ് മുഖേന നിയമനം നടത്തും. മ്പ്യൂട്ടർ സയൻസ് ബിരുദവും 10 വർഷത്തെ പ്രവൃത്തി പരിചയവുമുള്ള വിദഗ്ധരായ എൻജിനീയർമാർക്ക് അപേക്ഷിക്കാം. വിശദ ിവരങ്ങൾ www.norkaroots.orgഎന്ന വെബ്സൈറ്റിലും ടോൾഫ്രീ നമ്പരായ 1800-425-3939 (ഇന്ത്യയിൽ നിന്നും), 00918802012345 (വിദേശത്തുനിന്നും മിസ്ഡ് കാൾ സേവനം) ബന്ധപ്പെടാമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അവസാന തീയതി ഈമാസം14.

(പിഎൻപി 671/2020)

## സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉ ായിരിക്കുന്നതല്ല

ഈമാസം 13ന് പാലക്കാട്, 26 ന് തൃശൂർ, 28ന് ആലപ്പുഴ കളക്ട്രേറ്റ് എന്നിവിടങ്ങളിൽ നടത്താനിരുന്ന സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ക്യാമ്പ് ചില സാങ്കേതിക കാരണങ്ങളാൽ ഈദിവസങ്ങളിൽ ഉ ായിരിക്കുന്നതല്ലെന്ന് നോർക്ക റൂട്ട്സ് എറണാകുളം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ ഓഫീസർ അറിയിച്ചു. എന്നാൽ ഈ ദിവസങ്ങളിൽ എറണാകുളം നോർക്ക റൂട്ട്സിന്റെ മേഖല കാര്യാലയത്തിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ നടക്കും.

(പിഎൻപി 672/2020)




.

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ഫെബ്രുവരി 8

February 8

2020

1193 മകരം 25 ശനി

## പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**ബഹുജനപങ്കാളിത്തത്തോടെയുള്ള വന സംരക്ഷണം സർക്കാർ നയം: മന്ത്രി അഡ്വ.കെ.രാജു**

ബഹുജനപങ്കാളിത്തത്തോടെയുള്ള വന സംരക്ഷണമാണ് സർക്കാരിന്റെ നയമെന്ന് വനം വകുപ്പ് മന്ത്രി അഡ്വ.കെ.രാജു പറഞ്ഞു.കോന്നി വനം ഡിവിഷനു കീഴിൽ പ്രവർത്തിക്കുന്ന നടവത്തുമൂഴി റെയിഞ്ചിലെ കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷനുവേ ി പുതിയതായി നിർമ്മിച്ച സ്റ്റേഷൻ കെട്ടിടത്തിന്റെയും ഡോർമെറ്ററിയുടെയും ഉദ്ഘാടനം കരിപ്പാൻതോട് ഫോറസ്റ്റ് സ്റ്റേഷൻ അങ്കണത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വനം കൈയ്യേറ്റം, മരംകൊള്ള, വനവിഭവങ്ങൾ കൊള്ളയടിക്കുക എന്നിവ ഇപ്പോൾ കേരളത്തിൽ ഇല്ല. പ്രകൃതിയും, വനവും, വന്യ ജീവികളും സംരക്ഷിക്കപ്പെടേ താണെന്ന മനുഷ്യന്റെ ബോധമാണതിനു കാരണം. കുടിവെള്ളം, ശുദ്ധവായു എന്നിവ അമൂല്യമാണ്. വരും തലമുറയ്ക്കായി ഇവ കരുതി വയ്ക്കേ ത് നമ്മുടെ ഉത്തരവാദിത്വമാണ്. 25 ഫോറസ്റ്റ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടു. അവയിൽ 10 എണ്ണം നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള ഫോറസ്റ്റ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, തസ്തിക നിർണയം തുടങ്ങിയവയുടെ പ്രവർത്തനം നടന്നു വരികയാണ്. കർഷകരുടെ കൃഷിഭൂമി നശിപ്പിക്കുന്ന

പന്നികളെ ശല്യക്കാരനായ മൃഗമായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മന്ത്രി പറഞ്ഞു.

നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി 91.90 ലക്ഷം രൂപ ചിലവിലാണ് ഫോറസ്റ്റ് സ്റ്റേഷന്റെയും ഡോർമെട്രിയുടേയും നിർമ്മാണം. പ്രളയരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥരേയും വനം സംരക്ഷണ സമിതി അംഗങ്ങളേയും ചടങ്ങിൽ മന്ത്രി ആദരിച്ചു. കെ.യു ജനീഷ്കുമാർ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, ജില്ലാ പഞ്ചായത്ത് അംഗം ബിനി ലാൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം ജയ അനിൽ, ഗ്രാമ പഞ്ചായത്ത് അംഗം പി.സിന്ധു, അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിൽ വർഗീസ് ആന്റണി, സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ജോർജി പി.മാത്തച്ചൻ, ഡിവിഷണൽ ഓഫീസർമാരായ എം.ഉണ്ണികൃഷ്ണൻ, എ.പി.സുനിൽ ബാബു, എ.ഷാനവാസ്, ബി.സന്തോഷ് കുമാർ, ബൈജു കൃഷ്ണൻ, കെ.എൻ ശ്യാം മോഹൻ ലാൽ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറുപ്പ്: കരിപ്പാൻതോട് :*** കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷനുവേ ി പുതിയതായി നിർമ്മിച്ച സ്റ്റേഷൻ കെട്ടിടത്തിന്റെയും ഡോർമെറ്ററിയുടെയും ഉദ്ഘാടനം വനം വകുപ്പു മന്ത്രി അഡ്വ കെ.രാജു നിർവഹിച്ചു സംസാരിക്കുന്നു

***ഫോട്ടോ അടിക്കുറുപ്പ്:കരിപ്പാൻതോട് 1:*** കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷനുവേ ി പുതിയതായി നിർമ്മിച്ച സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനം വനം വകുപ്പു മന്ത്രി അഡ്വ കെ.രാജു നിർവഹിക്കുന്നു

***ഫോട്ടോ അടിക്കുറുപ്പ്:കരിപ്പാൻതോട് 2: കരി***പ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷനുവേ ി പുതിയതായി നിർമ്മിച്ച സ്റ്റേഷൻ കെട്ടിടത്തിന്റെയും ഉദ്ഘാടനം വനം വകുപ്പു മന്ത്രി അഡ്വ കെ.രാജു നാടമുറിച്ച് നിർവഹിക്കുന്നു

**ഫോട്ടോ അടിക്കുറുപ്പ്:കരിപ്പാൻതോട് 3**: കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷനുവേ ി പുതിയതായി നിർമ്മിച്ച സ്റ്റേഷൻ കെട്ടിടത്തിന്റെയും അനാച്ഛാദന കർമ്മം വനം വകുപ്പു മന്ത്രി അഡ്വ കെ.രാജു നിർവഹിക്കുന്നുതുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 673/2020)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.